# പതിമൂന്നാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 163 — 16.02.2016 ൽ മറുപടിയ്ക്ക്

### എൻഡോസൾഫാൻ ദുരിതാശ്വാസം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എ.കെ.ബാലൻ<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ.ഉമ്മൻചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) |
| (എ) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായി പ്രഖ്യാപിച്ചിരുന്നതും, സ്വീകരിച്ചതുമായ നടപടികൾ അറിയിക്കുമോ; ഇതിനായി കേന്ദ്രസഹായം ആവശ്യപ്പെട്ടിരുന്നോ; എത്ര തുക ലഭിച്ചു. | (എ) | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾ റവന്യൂ, ആരോഗ്യം, സാമൂഹ്യ നീതി, പൊതുവിതരണം, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകൾ മുഖാന്തിരമാണ് നടപ്പിലാക്കി വരുന്നത്. പ്രസ്തുത പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമായി കളക്ടറേറ്റിൽ ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സെൽ പ്രവർത്തിച്ച് വരുന്നുണ്ട്. കൂടാതെ ജില്ലയിലെ എൻഡോസൾഫാൻ ദുരിത നിവാരണ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ബന്ധപ്പെട്ട കൃഷിമന്ത്രി ചെയർമാനായും, ജില്ല കളക്ടർ കൺവീനറായും ഒരു ജില്ലാതല സെൽ പ്രവർത്തിച്ച് വരുന്നുണ്ട്. പുനരധിവാസവുമായി ബന്ധപ്പെട്ട് ചുവടെ കൊടുക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>◆ എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനായി 34 സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. മെഡിക്കൽ ക്യാമ്പുകൾ വഴി കണ്ടെത്തിയ 5227 പേരെ കൂടാതെ ലിസ്റ്റിൽ ഉൾപ്പെടാതെ പോയ 610 പേരെ കൂടി 3.2.16 ൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട് കൂടാതെ 2016 ഫെബ്രുവരിയിൽ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടി കാസർകോട് ജില്ലയിൽ ഒരു സമഗ്ര പുനരധിവാസ ഗ്രാമം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>◆ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ദേശീയ മനുഷ്യവകാശ കമ്മീഷന്റെ ശുപാർശ പ്രകാരമുള്ള ധനസഹായം നൽകി വരുന്നു.<br><br>◆ കടബാദ്ധ്യതകൾ എഴുതിതള്ളുന്നതിനായി നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു.<br><br>◆ ദുരിതബാധതർക്ക് വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ സൗജന്യ ചികിത്സ നല്കി വരുന്നുണ്ട്. കൂടാതെ ഇതിനായി മെഡിക്കൽ കോളേജുകൾ അടക്കം 17 എംപാനൽഡ് ആശുപത്രികൾ സൗജന്യമായി വിദഗ്ദ ചികിത്സ നല്കി വരുന്നു.<br><br>◆ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന പ്രതിമാസ പെൻഷൻ നല്കി വരുന്നുണ്ട്. |

- ദുരിതബാധിത പഞ്ചായത്തുകൾക്ക് ആംബുലൻസ് സേവനം ലഭ്യമാക്കിയിട്ടുണ്ട്, കൂടാതെ മൊബൈൽ മെഡിക്കൽ ടീം, സൗജന്യ യാത്രാ സൗകര്യം, പ്രത്യേക സൂപ്പർവൈസർ/സ്റ്റാഫ് നഴ്സ്/ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ സേവനം, ഹോംബേസിഡ് പാലിയേറ്റീവ് കെയർ സംവിധാനം, ഡയാലിസിസ് സൗകര്യം എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.
- ബി.പി.എൽ കാറ്റഗറിയിൽ ഉൾപ്പെടുത്തി സൗജന്യ റേഷൻ അനുവദിച്ചിട്ടുണ്ട്.
- ദുരിതബാധിതരുടെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ്, മാനസിക വൈകല്യമുള്ള ദുരിതബാധിതരെ പരിപാലിക്കുന്നതിനായി ബഡ്സ് സ്കൂളുകൾ, ഫിസിയോതെറാപ്പി സൗകര്യം എന്നിങ്ങനെ ഏർപ്പെടുത്തിയിട്ടുണ്ട്.
- എൻഡോസൾഫാൻ ദുരിതം മൂലം കിടപ്പിലായവരെ പരിചരിക്കുന്നവർക്ക് സ്പെഷ്യൽ ആശ്വാസ കിരണം പദ്ധതി പ്രകാരം പ്രതിമാസം 700/-രൂപ നൽകി വരുന്നു.
- നബാർഡ് RIDF പദ്ധതി പദ്ധതി പ്രകാരം 236 പദ്ധതികൾ ആവിഷ്കരിച്ചതിൽ 145 എണ്ണം ഇതിനകം പൂർത്തിയായിട്ടുണ്ട്
- തെരഞ്ഞെടുക്കപ്പെട്ട ദുരിതബാധിതർക്ക് കാനറബാങ്ക് സഹായത്തോടെയുള്ള ഭവന പദ്ധതി, കെസഫ്,സുൽത്താൻ ഗോൾഡ് ഭവന പദ്ധതി, സാഫല്യം ഭവന പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

ഈ സർക്കാർ അധികാരമേറ്റ ശേഷം എൻഡോസൾഫാൻ രോഗികൾക്ക് ധനസഹായം നൽകുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച അനുമതി ചുവടെ ചേർക്കുന്നു.

| Rehabilitationof Endosulphan Victims | 2012-13 | 2013-14 | 2014-15 | 2015-16 |
|---|---|---|---|---|
| | 560.10 | 227.6 | 300 | 512.15 |

(തുക ലക്ഷത്തിൽ)

| | | | |
|---|---|---|---|
| (ബി) | ദുരിതബാധിതർക്ക് കീടനാശിനി നിർമ്മാതാക്കളിൽ നിന്ന് നഷ്ട പരിഹാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് അറിയിക്കുമോ; ട്രിബ്യൂണൽ രൂപീകരിച്ച് നീതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരം ദുരിതബാധിതർക്ക് പ്രത്യേക ധനസഹായം അനുവദിക്കുന്നതിനായി കേരള പ്ലാന്റേഷൻ കോർപ്പറേഷൻ സർക്കാരിനു നൽകിയ 53.105/-കോടി രൂപ കീടനാശിനി നിർമ്മാതാക്കളിൽ നിന്നും പ്ലാന്റേഷൻ കോർപ്പറേഷന് ഈടാക്കുന്നതിനായി കോട്ടയം ജില്ലാ കോടതിയിൽ കേരള സ്റ്റേറ്റ് പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ OS.No.77/2015 ഫയൽ ചെയ്തിട്ടുണ്ട്.<br>ബഹു.ഹൈക്കോടതിയിൽ ശ്രീ.ബി.സി.കുമാരൻ ഫയൽ ചെയ്ത WP(C) നമ്പർ 1625/13(S) കേസിലെ 25.11.2015 ലെ വിധി പ്രകാരം ഒരു ട്രിബ്യൂണൽ രൂപീകരിക്കുന്നത് സർക്കാരിന് അധിക ബാധ്യത മാത്രമാകുമെന്ന് വിധിച്ചിട്ടുണ്ടെങ്കിലും ആയതു സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനയി നിയമ വകുപ്പുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിലാണ്. |

| | | | |
|---|---|---|---|
| (സി) | മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ദുരിതാശ്വാസം അർഹരായവർക്ക് ലഭ്യമാക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ; | (സി) | മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ധനസഹായം അർഹരായവർക്ക് അനുവദിച്ച് നൽകി കഴിഞ്ഞിട്ടുണ്ട്. ധനസഹായം ലഭ്യമാകാത്ത കേസുകളിൽ പുനപരിശോധന ആവശ്യമാണെന്നു കാണുന്ന പക്ഷം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | ദുരിതബാധിതർക്ക് വിദഗ്ദ ചികിത്സ ലഭിക്കുന്നതിനുണ്ടാകുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്ത് പരിഹാരമാണ് ഉദ്ദേശിക്കുന്നത്; | ഡി) | എൻഡോസൾഫാൻ ദുരിതബാധിതർക്ക് വിദഗ്ദ ചികിത്സ ലഭ്യമാകുന്നുണ്ട്. ഇതിനായി വിവിധ ആരോഗ്യ കേന്ദ്രങ്ങളിലായി സൗജന്യ ചികിത്സകൾ നല്കി വരുന്നുണ്ട്.കൂടാതെ കേരളത്തിൽ കർണ്ണാടകത്തിലുമായി മെഡിക്കൽ കോളേജുകൾ ഉൾപ്പടെ 17 ആശുപത്രികൾ എംപാനൽ ചെയ്ത് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സൗകര്യം ദുരിതബാധിതർ പ്രായോജനപ്പെടുത്തി വരുന്നുണ്ട് |
| (ഇ) | കടക്കെണിയിലായ പ്രസ്തുത കുടുംബങ്ങളുടെ ചികിത്സക്കും അതിജീവനത്തിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ | | എൻഡോസൾഫാൻ ദുരിതബാധിതരുടെ കടബാദ്ധ്യതകൾ എഴുതിതള്ളുന്നതിനായി 10.10.2014 തീയതിയിലെസ.ഉ(എം.എസ്)നം.298/2014/ആ.ക.വ ഉത്തരവ് പ്രകാരം സർക്കാർ ചില മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ അപേക്ഷകളിൽ ഹിയറിംഗ് നടത്തി അർഹരായവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ദുരിതബാധതരുടെ വായ്പകളുടെ മുതൽ തുക സർക്കാർ അനുവദിക്കാമെന്നും, പലിശ ബന്ധപ്പെട്ട ദേശസാൽകൃത/ഷെഡ്യൂൾഡ്/സഹകരണ ബാങ്കുകൾ ഒഴിവാക്കി നൽകണമെന്ന സർക്കാർ നിർദ്ദേശം അംഗീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആദ്യ ഘട്ടമായി 50,000 രൂപ വരെയുള്ള കടബാദ്ധ്യതകൾ എഴുതിതള്ളുന്നതിനായി 1,20,31,949 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ അമ്പതിനായിരത്തിനു മുകളിൽ 3 ലക്ഷം വരെയുള്ള കടബാദ്ധ്യതകൾ എഴുതിതള്ളുന്നതിനായി നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ